പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3245 — 14.03.2018-ൽ മറുപടിനൽകേണ്ടത്:

## വിസിൽ ബ്ലോവർ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ പാസ്സാക്കിയ വിസിൽ ബ്ലോവർ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ)<br>(ബി)<br>&<br>(സി) | 06.09.2011-ലെ G.O(MS)No.25/ 2011/Vig. ഉത്തരവ് പ്രകാരം സ്റ്റേറ്റ് വിസിൽ ബ്ളോവർ പ്രൊട്ടക്ഷൻ പോളിസി രൂപീകരിക്കുന്നതിന് ശ്രീ.എൻ.മോഹൻകുമാർ ഐ.എ.എസ് (റിട്ട.ചീഫ് സെക്രട്ടറി), ശ്രീ. ഹോമിസ് തരകൻ ഐ.പി.എസ് (റിട്ട.) ശ്രീ. സാമുവൽ പോൾ മുൻ ഡയറക്ടർ ഐ.ഐ.എം, ശ്രീ.റ്റി.ആർ. രഘുനന്ദൻ ഐ.എ.എസ് (റിട്ട) എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചു 21.07.2012-ൽ കമ്മിറ്റി വിസിൽ ബ്ളോവർ പ്രൊട്ടക്ഷൻ പോളിസി സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി പരിശോധിക്കുകയും റിപ്പോർട്ടും ശിപാർശകളും മന്ത്രിസഭയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തു. എന്നാൽ ആഭ്യന്തര-വിജിലൻസ് വകുപ്പുകളുടെ അഭിപ്രായത്തോടു കൂടി മന്ത്രിസഭ മുമ്പാകെ വീണ്ടും സമർപ്പിക്കുവാൻ മന്ത്രിസഭായോഗം നിർദ്ദേശിക്കുകയുണ്ടായി.<br>വിസിൽ ബ്ലോവർ സംബന്ധിച്ച കേന്ദ്ര നിയമംപാസ്സാക്കുന്നതിനു മുമ്പായി സംസ്ഥാനത്ത് വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി രൂപീകരിക്കുന്നത് ഉചിതമല്ല. വിസിൽ ബ്ളോവർ പ്രൊട്ടക്ഷൻ പോളിസി ബില്ലിന് 09.05.2014-ൽ പ്രസിഡന്റിന്റെ അനുമതി ലഭിച്ചിട്ടുള്ളതാണ്. എന്നാൽ 2011-ലെ വിസിൽ ബ്ളോവേഴ്സ് പ്രൊട്ടക്ഷൻ ആക്ട്, 2014-ലെ 17-ാം നമ്പർ കേന്ദ്ര ആക്ടായി പ്രസിദ്ധീകരിച്ചുവെങ്കിലും, ആക്ടിലെ വ്യവസ്ഥകൾക്ക് പ്രബല്യം നൽകിക്കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചശേഷം മാത്രമേ |
| (ബി) | ഇതുമായി ബന്ധപ്പെട്ട് 25/11/വിജി. നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | |
| (സി) | പ്രസ്തുത കമ്മിറ്റിയുടെ നിർദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് സംസ്ഥാനത്തിന് ഈ വിഷയത്തിൽ ചട്ടങ്ങൾ ഉണ്ടാക്കാൻ സാധ്യമാകുകയുള്ളൂ.<br>ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിനായി കത്ത് അയച്ചിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല. |

Deepa

സെക്ഷൻ ഓഫീസർ